(എഫ്) പ്രസ്തുത റോഡിന്റെ ബാക്കി പണികൾ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

(ജി & എച്ച്) പ്രസ്തുത റോഡ് അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

റോഡ് മെയിന്റനൻസിന് സഹകാര്യ ഏജൻസികളുമായിട്ടുള്ള കരാർ

51(4330) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള ഏതെങ്കിലും റോഡുകളുടെ മെയിന്റനൻസ് നടത്തുന്നതിന് സഹകാര്യ ഏജൻസികളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ :

(ബി) ഉണ്ടെങ്കിൽ പ്രസ്തുത കരാറുകളുടെ വിശദാംശം വെളിപ്പെടുത്തുമോ ; ഇങ്ങനെ മെയിന്റനൻസിനായി തെരഞ്ഞെടുത്ത റോഡുകൾ ഏതൊക്കെയെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ & ബി) ലോകബാങ്ക് സഹായത്തോടെ നടപ്പാക്കി വരുന്ന റോഡ് വികസന പദ്ധതിയിൽ (കെ.എസ്.ടി.പി.) ഉൾപ്പെടുത്തിയിട്ടുള്ള 13 റോഡുകളിൽ ഹെവി മെയിന്റനൻസ് നടത്തുന്നതിന് സഹകാര്യ കരാറുകാർക്ക് കരാർ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

റോഡ് വികസനത്തിന് കേന്ദ്രസഹായം

52(4331) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ റോഡ് വികസനത്തിന് കേന്ദ്ര സർക്കാരിൽ നിന്ന് എന്തെങ്കിലും സാമ്പത്തിക സഹായം ലഭിക്കുന്നുണ്ടോ :

(ബി) ഉണ്ടെങ്കിൽ കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ ലഭിച്ച കേന്ദ്രസഹായം എത്രയാണെന്ന് വെളിപ്പെടുത്തുമോ :

(സി) ഈ തുക പൂർണ്ണമായും ചെലവാക്കാൻ കഴിഞ്ഞിട്ടുണ്ടോ :

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ട് ചെലവാക്കാൻ കഴിഞ്ഞിട്ടില്ലെന്ന് വ്യക്തമാക്കുമോ :

(ഇ) യഥാസമയം കേന്ദ്ര സഹായം വിനിയോഗിക്കാത്തതുമൂലം തുക ലാപ്സായിപ്പോയിട്ടുണ്ടോ :

(എഫ്) ഉണ്ടെങ്കിൽ അപ്രകാരം ലാപ്സായ തുക എത്രയാണെന്ന് വെളിപ്പെടുത്തുമോ ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly